**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **12-02-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിക്ക് കിഫ്ബി മുഖേനയാണോ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; എങ്കിൽ നാളിതുവരെ എത്ര ഫണ്ട് നൽകിയിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ മൊത്തം ഭരണാനുമതി തുകയായ 1548.08 (നികുതികൾക്ക് പുറമെ) കോടി രൂപയുടെ 70% രൂപ കിഫ്ബി മുഖേന ലഭ്യമാകേണ്ടതാണ്. കെ-ഫോൺ പദ്ധതിക്ക് കിഫ്ബി മുഖേന 456.82 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-ന് നൽകേണ്ട തുക, റൈറ്റ് ഓഫ് വേ, ലൈസൻസ് തുടങ്ങിയവയ്ക്ക് ആവശ്യമായ ചാർജ്ജുകൾ, കണക്ഷൻ നൽകുന്നതിനുള്ള ഉപകരണങ്ങളുടെ സംഭരണം എന്നിവയ്ക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്. |
| (ബി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്താതെ കൂടുതൽ ഫണ്ട് അനുവദിക്കില്ല എന്ന് കിഫ്ബി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ